കേരള സംസ്ഥാന സഹകരണ സംഘം ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) പുറപ്പെടുവിക്കുന്ന ഉത്തരവ്

(ഹാജർ: ജയൻ.സി)

RCS/1981/2026-EA(5) തിരുവനന്തപുരം, തീയതി: 01-10-2026

വിഷയം: സഹകരണ വകുപ്പ്- ജീവനക്കാര്യം – യു.ഡി. ടൈപ്പിസ്റ്റുമാർക്ക് സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിലേക്ക് ഉദ്യോഗകയറ്റം നൽകി കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

പരാമർശം:

1. സർക്കാരിന്റെ 20-01-2016 ലെ ജി.ഒ.(പി) 07/2016/ഫിൻ നമ്പർ ഉത്തരവ്
2. സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ അഡിഷണൽ രജിസ്ട്രാർ(ജനറൽ) ന്റെ 11.08.2026 തീയതിയിലെ RCS/4334/2026 EA (1) നമ്പർ ഉത്തരവ്
3. സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) ടെ 14/07/2023 തീയതിയിലെ RCS/1670/2023 EA(2) യു.ഡി ടൈപ്പിസ്റ്റുമാരുടെ അന്തിമ സീനിയോരിറ്റി ലിസ്റ്റ്

പരാമർശം (1) ഉത്തരവ് പ്രകാരം ടൈപ്പിസ്റ്റ് തസ്തികയിലെ സീനിയർ ഗ്രേഡ് തസ്തിക പുനസ്ഥാപിക്കുകയും സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്, സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്, അപ്പർ ഡിവിഷൻ ടൈപ്പിസ്റ്റ്, ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികകൾ തമ്മിലുള്ള അനുപാതം **1:1:1:1** എന്നതായി നിർണ്ണയിച്ച് ഉത്തരവാകുകയും ചെയ്തിട്ടുള്ളതാണ്. പരാമർശം (2) ഉത്തരവ് പ്രകാരം സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിലെ ജീവനക്കാരെ ജൂനിയർ ഇൻസ്പെക്ടർ/ആഡിറ്റർ തസ്തികയിലേക്ക് ഉദ്യോഗകയറ്റം നൽകിയത് മുഖേനയുള്ള 5 ഒഴിവുകൾ രൂപപ്പെട്ടതിനെ തുടർന്ന് പരാമർശം (3) സീനിയോരിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിൽ ചുവടെ പറയും പ്രകാരം റേഷ്യോ പ്രൊമോഷൻ നൽകി ഉത്തരവാകുന്നു.

ഉത്തരവ്

ചുവടെ പറയുന്ന യു.ഡി ടൈപ്പിസ്റ്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥരെ **(ക്രമ നമ്പർ 1 മുതൽ 5 വരെയുള്ള ഉദ്യോഗസ്ഥർ)** സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിലേക്ക് **(37400-79000** രൂപ ശമ്പള സ്കെയിലിൽ) ഉദ്യോഗകയറ്റം നൽകി നിലവിൽ ജോലി ചെയ്തു വരുന്ന നിയന്ത്രണ ഉദ്യോഗസ്ഥന്റെ കീഴിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

യു.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകുന്ന ഉദ്യോഗസ്ഥർ

ക്രമ	പേരും തസ്തികയും	ജോലിയിൽ	സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്	നിയന്ത്രണ

നം.		പ്രവേശിച്ച തീയതി	തസ്തികയിലേക്ക് ഉദ്യോഗക്കയറ്റത്തിന് അർഹമായ തീയതി	ഉദ്യോഗസ്ഥൻ
1.	ASWATHY A	07.03.2022	14.08.2026	ജോയിന്റ് രജിസ്ട്രാർ (ജനറൽ), പാലക്കാട്
2.	ARUN J P	18.07.2022	14.08.2026	ജോയിന്റ് രജിസ്ട്രാർ (ജനറൽ), കൊല്ലം
3.	MANJU ANTONY	27.07.2022	14.08.2026	ജോയിന്റ് രജിസ്ട്രാർ (ജനറൽ), ഇടുക്കി
4.	RAJESHWARY T	17.11.2022	14.08.2026	ജോയിന്റ് രജിസ്ട്രാർ (ജനറൽ), ആലപ്പുഴ
5.	BINDU M G	08.12.2022	22.08.2026	ജോയിന്റ് രജിസ്ട്രാർ (ജനറൽ), എറണാകുളം

(ഒപ്പ്)

Jayan C

ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം)

പകർപ്പ് :

1. ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) മേശപ്പുറം.
2. ജോയിന്റ് രജിസ്ട്രാർ (ജനറൽ), ആലപ്പുഴ , പാലക്കാട്, കൊല്ലം, എറണാകുളം, ഇടുക്കി
3. ഫെയർകോപ്പി സെക്ഷൻ
4. സ്റ്റോക്ക് ഫയൽ/സ്പെയർ.

//ആജ്ഞാനുസരണം//

Digitally signed by
Manu. V. R
Date: 01-10-2026
16:09:46

അസിസ്റ്റന്റ് രജിസ്ട്രാർ (ഇ.എ).